പട്രോളിംഗ്, മോട്ടോർ സൈക്കിൾ ഉപയോഗിച്ചുള്ള റാപ്പിഡ് ആക്ഷൻ പട്രോളിംഗ് എന്നിവ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

71 (1667) തടവുപുള്ളികളുടെ നിരാഹാരം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ജൂലൈ മാസത്തിൽ തിരുവനന്തപുരം സെൻട്രൽ ജയിലിൽ തടവുപുള്ളികൾ നിരാഹാരം കിടന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്രപേരാണ് ഇങ്ങനെ നിരാഹാരം കിടന്നത്;

(സി) ഇവർ എത്രവർഷം തടവുകാലം പൂർത്തിയാക്കിയവരാണ്;

(ഡി) കേരളത്തിലെ ജയിലുകളിൽ 8 വർഷത്തിൽ കൂടുതൽ തടവ് അനുഭവിച്ച എത്ര തടവുകാർ ഉണ്ട്; ഓരോരുത്തരുടെ പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും, ജില്ല തിരിച്ച് വിശദമാക്കുമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) പതിനൊന്ന് പേർ

(സി) 8 വർഷത്തിലധികം ശിക്ഷ പൂർത്തിയാക്കിയവരാണ്.

(ഡി) 8 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ അനുഭവിച്ച 144 തടവുകാർ ഉണ്ട്. ഇവർ ഓരോരുത്തരുടെയും പേരും, ശിക്ഷ അനുഭവിച്ച കാലാവധിയും, ജയിലും ജില്ലയും തരംതിരിച്ച് വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.†

72 (1668) ഇലവുമരം മോഷണം പോയ സംഭവം

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽപ്പെട്ട മുണ്ടക്കയം പോലീസ്സ്റ്റേഷൻ അതിർത്തിയിൽ വേലത്തിലംഭാഗത്ത് പുല്ലനയാർ തീരത്ത് പഞ്ചായത്ത് വക സ്ഥലത്ത് നിന്നിരുന്ന ഇലവുമരം മോഷണം പോയത് സംബന്ധിച്ച പഞ്ചായത്തധികൃതർ നൽകിയ പരാതി അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ എത്ര പ്രതികൾ ഉണ്ട്; ആരെല്ലാമാണ്; പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) മോഷണം പോയ ഇലവുതടി കസ്റ്റഡിയിൽ എടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഡി) കേസ്സന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഇ) പൊതുമുതൽ മോഷ്ടിക്കപ്പെട്ടത് പിടികൂടാനും കേസ്സ് ശക്തമാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly